## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2556** **17.08.2017 ൽ മറുപടിയ്ക്ക്**

## ദേവികുളം നിയോജകമണ്ഡലത്തിൽഎക്സൈസ് വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ദേവികുളം നിയോജകമണ്ഡലത്തിൽ 2016-2017 വർഷത്തിൽ എക്സൈസ് വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള . കേസ്സുകൾ എത്രയെന്നുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | ദേവികുളം നിയോജക മണ്ഡലത്തിൽ 2016-17 വർഷത്തിൽ എക്സൈസ് വകുപ്പ് അബ്കാരി, എൻ.ഡി.പി.എസ്. നിയമങ്ങൾ പ്രകാരം 250 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഈ കാലയളവിൽ വകുപ്പ് നടത്തിയ ബോധവത്ക്കരണ ക്യാംപയിനുകൾ ഏതെല്ലാമാണ് വ്യക്തമാക്കുമോ ? | (ബി) | കേരള സർക്കാരിന്റെ ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുമായി ബന്ധപ്പെട്ട് ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്കും ആദിവാസികൾക്കും ഇടയിലും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**